പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3442 29.01.2014 - ൽ മറുപടിക്ക്

<u>വയോമിത്രം, ആശ്വാസ കിരൺ പദ്ധതികൾ</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.എസ്. സുനിൽ കുമാർ<br>ശ്രീ. മുല്ലക്കര രത്നാകരൻ<br>ശ്രീ. ഇ.കെ. വിജയൻ<br>ശ്രീ. വി. ശശി | ഡോ. എം.കെ. മുനീർ<br>(ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വയോമിത്രം, ആശ്വാസ കിരൺ പദ്ധതികൾ ആരംഭിച്ചിട്ടുണ്ടോ ; ഈ പദ്ധതികളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ; | (എ) | സംസ്ഥാനത്ത് വയോമിത്രം, ആശ്വാസ കിരണം എന്നീ പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്.<br><u>വയോമിത്രം</u><br>സംസ്ഥാനത്ത് നഗരപ്രദേശങ്ങളിൽ വസിക്കുന്ന 65 വയസ്സിനുമേൽ പ്രായമുള്ള വയോജനങ്ങളുടെ ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നതിനുവേണ്ടി കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പിലാക്കുന്ന പദ്ധതിയാണ് വയോമിത്രം. വയോമിത്രം പദ്ധതി പ്രകാരം മൊബൈൽ ക്ലിനിക്കിലൂടെ സൗജന്യമായി മരുന്ന്, പാലിയേറ്റീവ് കെയർ, ഹെൽപ്പ് ഡസ്ക്, ആംബുലൻസ് സർവ്വീസ് എന്നിവ നൽകി വരുന്നു.<br><u>ആശ്വാസ കിരണം</u><br>തീവ്രമായ ശാരീരിക മാനസിക വെല്ലുവിളികൾ നേരിട്ടതിനാൽ ശയ്യാവലംബരായി വീട്ടിനുള്ളിൽ തന്നെ കഴിയേണ്ടി വരുന്നവർ, ബുദ്ധിമാന്ദ്യം ഉള്ളവർ, സെറിബ്രൽ പാൾസി/ ഓട്ടിസം മൂലം അവശതയുള്ളവർ തുടങ്ങിയവർക്ക് മുഴുവൻ സമയ പരിചരണം നൽകുന്നവർക്കായി (കൂട്ടിരിക്കുന്നവർ/സഹായികൾ) പ്രതിമാസ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് ആശ്വാസകിരണം. ഒരു ഗുണഭോക്താവിന് പ്രതിമാസം 525 രൂപ നിരക്കിൽ ധനസഹായം മണിയോർഡർ മുഖാന്തിരം നൽകി വരുന്നു. |

| | | | |
|---|---|---|---|
| | | | രോഗിയെ പൂർണ്ണസമയം പരിചരിക്കുന്ന വ്യക്തിക്ക് മറ്റു തൊഴിലിലേർപ്പെടാൻ സാധിക്കാത്തതിനാൽ പ്രതിമാസ ധന സഹായം നൽകി അവർക്ക് ആശ്വാസം നൽകുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യം. |
| (ബി) | ഈ പദ്ധതികളുടെ നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; ഈ പദ്ധതികൾ ഏത് ഏജൻസി മുഖാന്തിരമാണ് നടപ്പാക്കുന്നതെന്ന് വെളിപ്പെടുത്തുമോ; | (ബി) | വയോമിത്രം പദ്ധതി നടപ്പാക്കുന്നതിന് തെരഞ്ഞെടുത്ത നഗര പ്രദേശങ്ങളിൽ ഒരു കോഓർഡിനേറ്റർ, മെഡിക്കൽ ആഫീസർ, സ്റ്റാഫ് നഴ്സ്, ജെ.പി.എച്ച്.എൻ. എന്നിവരെ നിയോഗിച്ചിട്ടുണ്ട്. വയോമിത്രം പദ്ധതി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടു കൂടി കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പാക്കി വരുന്നു.<br>ആശ്വാസ കിരണം പദ്ധതി ആനുകൂല്യത്തിനുവേണ്ടിയുള്ള അപേക്ഷാഫാറം ശിശുവികസന പദ്ധതി ആഫീസുകളിൽ നിന്നും അംഗൻവാടികളിൽ നിന്നും ലഭിക്കുന്നതാണ്. അപേക്ഷകൻ രേഖകൾ സഹിതം അംഗൻവാടി വർക്കർ/ ശിശുവികസന പദ്ധതി ഓഫീസർക്ക് സമർപ്പിക്കേണ്ടതും അപേക്ഷയിന്മേൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർ നടത്തുന്ന അന്വേഷണ റിപ്പോർട്ടിന്റെയും സി.ഡി.പി.ഒ.യുടെ ശുപാർശയുടെയും അടിസ്ഥാനത്തിൽ കേരള സാമൂഹ്യ സുരക്ഷാമിഷൻ ധനസഹായം അനുവദിച്ചു വരുന്നു. |
| (സി) | 'ആശ്വാസ കിരൺ' പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾക്കായി ഓരോ ജില്ലയിലും എത്ര അപേക്ഷകൾ കെട്ടിക്കിടക്കുന്നുണ്ട്; വിശദാംശം അറിയിക്കാമോ ? | (സി. | ആശ്വാസ കിരണം പദ്ധതി ധനസഹായത്തിനായി 5448 അപേക്ഷകൾ കൂടി പരിശോധിച്ച് ധനസഹായം അനുവദിക്കാനായുണ്ട്.<br>ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. |

| ജില്ല | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 163 |
| കൊല്ലം | 48 |

| | |
|---|---|
| ആലപ്പുഴ | 56 |
| എറണാകുളം | 65 |
| തൃശ്ശൂർ | 50 |
| പാലക്കാട് | 96 |
| മലപ്പുറം | 1567 |
| കോഴിക്കോട് | 2133 |
| വയനാട് | 150 |
| കണ്ണൂർ | 950 |
| കാസർഗോഡ് | 170 |
| ആകെ | **5448** |

സെക്ഷൻ ഓഫീസർ